ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് അംഗീകാരമുള്ള ഐ.ടി.ഐ. കോഴ്സുകൾ നടത്തുന്നത്, ഗവൺമെന്റ് ഐ.ടി.ഐ.-കൾ, പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എസ്.സി.ഡി.ഡി. ഐ.ടി.സി.-കൾ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എസ്.റ്റി.ഡി.ഡി. ഐ.ടി.സി.-കൾ, സഹകാരൃ മേഖലയിലുള്ള ഐ.ടി.സി.-കൾ എന്നീ സ്ഥാപനങ്ങളാണ്. ഗവൺമെന്റ് എയ്ഡഡ് സഹകാരൃ സ്ഥാപനങ്ങളില്ല. ഗവൺമെന്റ് ഐ.ടി.ഐ.-കൾ എസ്.സി.ഡി.ഡി. ഐ.ടി.സി.-കൾ, എസ്.ടി.ഡി.ഡി. ഐ.ടി.സി.-കൾ പ്രൈവറ്റ്, ഐ.ടി.സി.-കൾ എന്നിവയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന പഴയ ട്രേഡുകളിലുള്ള സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി. അംഗീകാരം ഉണ്ട്. പുതുതായി ആവിഷ്കരിച്ചിട്ടുള്ള വിവിധ ട്രേഡുകളുടെ സർട്ടിഫിക്കറ്റുകൾക്ക്, പി.എസ്.സി. അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) എൻ.സി.വി.റ്റി.-യുടെ അംഗീകാരത്തോടെ പഠിപ്പിക്കുന്ന കോഴ്സുകളെ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ കോഴ്സ് പഠിച്ചവർക്ക് വിദേശത്ത് ജോലിക്കു പോകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുസ്ലീം ന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ.-കൾ

79 (1042) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുസ്ലീം ന്യൂനപക്ഷ മേഖലയിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി എത്ര ഐ.ടി.ഐ.കൾ തുടങ്ങാനാണ് അനുമതി ലഭിച്ചിരുന്നത് ;

(ബി) ഇതിനായി ഇതുവരെ ഏതൊക്കെ ജില്ലകളിൽ എത്ര ഐ.ടി.ഐ.-കൾക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം ഇത്തരത്തിൽ എത്ര ഐ.ടി.ഐ.-കൾ ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ :

(ഡി) ഇനിയും ഏതൊക്കെ ഐ ടി. ഐ.-കൾക്കാണ് സ്ഥലം ലഭ്യമാക്കാനുള്ളത് :

(ഇ) സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെയാണ് തടസ്സം എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) മുസ്ലീം ന്യൂനപക്ഷത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ മുസ്ലീം ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനായി നിയോഗിക്കപ്പെട്ട രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നതിനായി മുഹീകരിച്ചിട്ടുള്ള പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി, പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കി നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കാൻ 2005 ഫെബ്രുവരി 10-ാം തീയതി ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർക്ക് കത്തയച്ചിരുന്നുവെങ്കിലും അതിന്മേൽ 2006 മേയ് മാസം വരെ അധികാരത്തിലിരുന്ന ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. തുടർന്ന് മുസ്ലീം ജനവിഭാഗത്തിന്റെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഉറുദു മാധ്യമമായി ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കുന്നതിന് 2006 ഡിസംബർ മാസം കത്ത് ലഭിക്കുകയുണ്ടായി. എന്നാൽ ഇതിനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. സംസ്ഥാന സർക്കാർ ഇതിന്മേൽ നടപടികൾ ആരംഭിച്ചു. ഉറുദു കേരളത്തിൽ അദ്ധ്യയന മാധ്യമമായി സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് മുസ്ലീം ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ ഇംഗ്ലീഷ്/മലയാളം മാധ്യമങ്ങളിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകണമെന്ന് കേന്ദ്രത്തോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയുണ്ടായി. അതേ സമയം ഓരോ ഐ.ടി.ഐ.-ക്കും ആവശ്യമായ 10 ഏക്കർ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് 10 ഏക്കർ വീതം സ്ഥലം വേണമെന്ന നിബന്ധന ഇളവു ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പുതിയ കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1-7-2009-ൽ കേന്ദ്ര തൊഴിൽ മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്തയയ്ക്കുകയും അതിന് അദ്ദേഹം 21-10-2009-ന് മറുപടി നൽകുകയും ചെയ്തു. സംസ്ഥാനത്തിന് സ്വീകാര്യമായ മാധ്യമത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കാവുന്നതാണെന്ന് അദ്ദേഹം മറുപടി നൽകി. അതേ സമയം ഇതിനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. പുതിയ ഐ.ടിഐ.-കൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് കമ്മീഷന് സമർപ്പിക്കാവുന്നതാണെന്നും കേന്ദ്ര തൊഴിൽ മന്ത്രാലയം ഇക്കാര്യത്തിൽ ആവശ്യമായ പിന്തുണ നൽകാമെന്നും കേന്ദ്ര തൊഴിൽ മന്ത്രി കേരള സർക്കാരിന് അയച്ച മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം ഐ.ടിഐ.-കൾ സ്ഥാപിക്കുന്നതിനുള്ള 68.90 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർ 21-4-2010-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. തുടർന്നു നടന്ന സംസ്ഥാനത്തു നിന്നുള്ള എം. പി.-മാരുടെ കോൺഫറൻസിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്ന കാര്യം ഉൾപ്പെടുത്തുകയും പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly